ദീപ്തസ്മരണകൾ
******************

പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു..

കേരളത്തിന് അഭിമാനമായി കലാഗേഹം  സദാനന്ദന്  പത്മശ്രീ...
കഥകളിക്ക് നൽകിയ അമൂല്യ സംഭാവനകൾ പരിഗണിച്ചാണ് പത്മശ്രീ..

ടിവിയിൽ സ്ക്രോൾ ചെയ്യുന്ന വാർത്ത കണ്ട് അനുമോൾ  സന്തോഷം കൊണ്ട് കൂവി വിളിച്ചു..
"അമ്മേ..., മുത്തശ്ശീ... ഓടി വാ.. മുത്തശ്ശന് പത്മശ്രീ...."

ന്യൂസ് കാണാൻ  ടി വി ക്ക് മുമ്പിലിരിക്കുകയായിരുന്ന സദാനന്ദനാശാൻ സ്ക്രോൾ ചെയ്ത് പോകുന്ന ന്യൂസ് കണ്ട് ശ്വാസം നിന്നത് പോലെ  ഇരുന്ന് പോയി...
അനുമോൾ ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് കവിളിലൊരു ഉമ്മ കൊടുത്തു...

"മുത്തശ്ശാ... എന്താ അനങ്ങാണ്ടിരിക്കണത്.."
അവൾ തോളിൽ പിടിച്ച് കുലുക്കി..
" എണീക്ക്, വാ മുത്തശ്ശാ.. എല്ലാരോടും പറയാം... "

"അമ്മേ... മുത്തശ്ശീ.... "

കൂവിവിളിച്ചു കൊണ്ടവൾ താഴേക്കോടി..

അനുമോളുടെ എക്സൈറ്റ്മെൻറ് കണ്ട സദാനന്ദനാശാൻ്റെ ഓർമ്മകൾ, താൻ  പിന്നിട്ട വഴികളിലേക്ക് തിരിച്ചൊരു പ്രയാണം നടത്തി.. കണ്ണീരുപ്പുള്ള ഓർമ്മകൾ...

നാട്ടിലെ തെങ്ങ് കയറ്റത്തൊഴിലാളിയായ ബാലൻ്റെയും ഇല്ലത്തെ പുറം പണിക്കാരി സാവിത്രിയുടെയും  മകൻ...

ക്ലാസില്ലാത്ത ദിവസങ്ങളിൽ അമ്മയോടൊപ്പം സദാനന്ദനും പോകും...

ഇല്ലത്തെ നിർമ്മലേടെ ക്ലാസിലാണ് സദാനന്ദനും...
നിർമ്മലയോടൊപ്പം ഹോം വർക്ക് ചെയ്തും കളിച്ചും  അമ്മേടെ പണി കഴിയണത് വരെ ഇല്ലത്ത് തന്നെ നിൽക്കും..
സദാനന്ദനെ നിർമ്മലേടെ അച്ഛൻ തിരുമേനി മിടുക്കൻകുട്ടീന്ന് നീട്ടിയാണ് വിളിക്ക്യ...

നിർമ്മലേടെ അമ്മ ലക്ഷ്മിത്തമ്പുരാട്ടിക്കും വല്യ  വാത്സല്യമാണ് സദാനന്ദനെ..

പണിക്കാരീടെ മോനാണ് എന്നൊരു തരം തിരിവ് തിരിമേന്യോ ആത്തേമ്മാരോ കാട്ടാറില്ല.. നിർമ്മലേടെ ഒപ്പം തന്നെ ഇരുത്തി കാപ്പീം  ചോറ് കൊടുക്കും...

മിടുക്കനാവണം ട്ടോ... വല്യതായിട്ട്  അച്ഛനേം അമ്മേം നല്ലോണം നോക്കണം.. ട്ടോ സദൂ....
ആത്തേമ്മാര് എപ്പളും പറയും...

വല്യ കഥകളി ഭ്രാന്തനാണ് തിരുമേനി..
കൂടൽമാണിക്യത്തിലെ ഉത്സവക്കാലത്ത് കളിക്കാരൊക്കെ ഇല്ലത്താവും താമസം......
അവർക്ക് ഓരോന്ന് അടുപ്പിച്ച് കൊടുക്കാനും സേവ ചെയ്യാനും സദാനന്ദനും കൂടും...

"സദാനന്ദൻ വരണ് ണ്ടോ കളി കാണാൻ..?
പോന്നോളൂ"

തിരുമേനി അവനേം കൂടെക്കൂട്ടും..

ആദ്യൊക്കെ അണിയറയിലെ അഴയില് തൂക്കിയിട്ട കോപ്പ് കാണുമ്പോഴുള്ള ആകർഷണമായിരുന്നു..
പിന്നെപ്പിന്നെ വേഷങ്ങളോടായി..
കൃഷ്ണൻ.ഭീമൻ.. അർജുനൻ.. നളൻ..

പകൽ ഇല്ലത്ത് കാണാറുള്ള വേഷക്കാർ അരങ്ങിൽ അർജുനനും ശ്രീകൃഷ്ണനും കർണ്ണനും ദുര്യോധനനും നളനും കലിയും കിരാതനും കാട്ടാളനും ദക്ഷനും ഹിരണ്യകശിപുവും നരസിംഹവുമൊക്കെയായി പകർന്നാടുന്നത് അത്ഭുതം നിറഞ്ഞ മുഖവുമായി ഒരുപോള കണ്ണടയ്ക്കാതെ രാവു മുഴുവൻ സദാനന്ദൻ കണ്ടുകൊണ്ടിരിക്കും..
ഇത് ശ്രദ്ധിച്ച തിരുമേനി ചോദിച്ചു..

"സദാനന്ദന് കഥകളി പഠിയ്ക്കണോ... "

ചോദിക്കാൻ കാത്ത പോലെ സദാനന്ദൻ പറഞ്ഞു..
" ഉം.. മോഹം ണ്ട്... "

" വഴീണ്ടാക്കാം... നോക്കട്ടെ.. "

തിരുമേനി ഇല്ലത്തെത്തി ആശാന്മാരോട് കാര്യം പറഞ്ഞു..

" അധ: കൃതൻ കളി പഠിക്ക്യേ....
വല്ല അണിയറ സഹായീം ആയി കൂടിക്കോളാൻ പറയാ.. കോപ്പെടുത്തു വെക്കാനോ, പെട്ടി ചൊമക്കാനോ, തിരശ്ശീല പിടിക്കാനോ... അതൊക്കെ ആവാം.. അത് മതി.. അത്രേ മോഹിക്കണ്ടൂ... "

പ്രശസ്തനായ ഒരാശാന്റെ മറുപടി ഇതായിരുന്നു..

"കലയ്ക്ക്ണ്ടോ ജാതീം മതോം...
അല്ലെങ്കിലും വേഷം കെട്ട്യാ എല്ലാരും ഭഗവാന്മാരും രാജാക്കന്മാരുമൊക്കെ അല്ലേ...

അധഃകൃതനായ രത്നാകരൻ എഴുത്യ രാമായണം ബ്രാഹ്മണർക്കാവാം.. മുക്കുവസ്ത്രീടെ മകൻ വ്യാസര് എഴുതിവെച്ച വേദം, അതും ബ്രാഹ്മണർക്കാവാം.. ഇതൊക്കെ ബ്രാഹ്മണർക്ക് മാത്രംന്നും ആയി...

അധ: കൃതൻ ണ്ടാക്കീത് നല്ലതാച്ചാ അതിന് സവർണ്ണന് അയിത്തല്യ..

ആർക്കറിയാം ഇവൻ കളി പഠിച്ച് കേമനാവില്യാന്ന്...

അവൻ മോഹിച്ച്ണ്ടെങ്കിൽ  പഠിപ്പിക്കണം.. "

 തിരുമേനീടെ ഉറച്ചുള്ള  മറുപടി കേട്ട് അഭിപ്രായം പറഞ്ഞ ആശാൻ പിറുപിറുത്ത് ഇറങ്ങിപ്പോയി...

" അങ്ങേയ്ക്ക് പറ്റ്വോ ഇവനെ കളി പഠിപ്പിയ്ക്കാൻ...?
ന്റെ മോനാന്ന് കരുതിക്കോളാ.. അപ്പോ പ്രശ്നം തീർന്നൂലോ... "

അക്കാലത്ത്   ക്ലാസുകളെടുത്തിരുന്ന പെരുവനത്താശാനോട് തിരുമേനി അന്വേഷിച്ചു..

"ന്റെ കയ്യിലുള്ള കല പറഞ്ഞ് കൊടുക്കാൻ എനിക്ക് സന്തോഷേള്ളൂ ..
പക്ഷേ.. അങ്ങേക്കറിയാലോ, കലാകാരന്മാര് തൊണ്ണൂറ്റൊമ്പത് ശതമാനോം അസഹിഷ്ണുക്കളാ...
മറ്റൊരുത്തൻ ഉയരാൻ സമ്മതിക്കില്യ.. ഞാൻ മാത്രം കേമനാവണംന്നാ ഓരോരുത്തര്ടേം മനസ്സിലിരിപ്പ്..
കൂടെള്ളോരെ താഴ്ത്തിക്കെട്ടാൻ
 ഓരോരോ വഴി നോക്കും..

അതാപ്പോ നേരത്തെ കണ്ടത്...

കഥകളി രംഗോം അക്കാര്യത്തില് ഒട്ടും വ്യത്യാസല്ല...കൂട്ടുവേഷക്കാരൻ നന്നാവാൻ സമ്മതിക്കില്യ...കളി നന്നാവണംന്നല്ല,  സ്വന്തം വേഷം മാത്രം നന്നാവണംന്നാ മിക്കോരും കരുതണേ.. അതാ ഇവടത്തെ ശാപോം...

ഇവന് നല്ല വാസന ണ്ട്.. അത് ഈ ദിവസങ്ങളിൽ ഞാൻ മനസ്സിലാക്കീരിക്കണു...പഠിച്ചാൽ കേമനാവും, സംശയോം ല്യ....
പക്ഷേ പഠിച്ചത് അരങ്ങത്ത് പ്രവർത്തിക്കാനും നിലനില്ക്കാനും   ആ പോയോരെപ്പോലെള്ള ദുഷ്ടബുദ്ധികള് സമ്മതിക്ക്യോന്നറിയില്യ...
ശരീരത്തിന് കുഷ്ഠം ബാധിച്ചോര്ടെ രോഗം  ചികിത്സിച്ച് മാറ്റാം.. മനസ്സില് കുഷ്ഠം ബാധിച്ചോർക്ക് എന്ത് ചികിത്സ..

കൊറേ അനുഭവിച്ചാ ഞാനും ഇന്നീ നെലയ്ക്ക് എത്തീത്...

ഇവന് അതൊക്കെ താങ്ങാൻ പറ്റ്വോന്നേ സംശയള്ളൂ...

" അത് നമുക്ക് ദൈവത്തിന് വിടാം.. ആദ്യം  ഇവൻ പഠിക്കട്ടെ... അങ്ങ് പഠിപ്പിക്ക്യാ...
അരങ്ങത്തെ പ്രവൃത്തി നന്നായാ ആസ്വാദകര് കൊടുത്തോളും അവന് അവസരം..
രക്ഷപ്പെടാൻ അവന് യോഗണ്ട്ച്ചാ ഒരുത്തനും തടയാൻ പറ്റില്യ... "

തിരുമേനി അകത്ത് ചെന്ന് ഒരു മുണ്ടും ഉറുപ്യേം വെറ്റിലേം അടക്കേം കൊണ്ട് വന്ന് സദാനന്ദന്റെ കയ്യിൽ തൊട്ടുത്തു..

ഇന്ന് നല്ല ദെവസാ.. ദക്ഷിണ ഇപ്പോ തന്നെ വെച്ചോളാ..

സ്കൂള് കഴിഞ്ഞ് നേരെ ഇങ്ങട്ട് പോരാ.. ഇവട്യാവാം ക്ലാസ്... എന്താ ആശാനേ, അങ്ങന്യല്ലേ...?

" ആയ്ക്കോട്ടെ... "

അന്ന് തുടങ്ങീതാണ്...

ചൊല്ലിയാടിക്കുമ്പോ ആശാന്റെ മുട്ടിയേറിന് ഇട വരുത്തീട്ടില്ല..
പദങ്ങളെല്ലാം നേരത്തെ തന്നെ മന:പാഠമാണ്...
അരങ്ങേറ്റം കഴിഞ്ഞപ്പോ തന്നത്താൻ  വളയം വരയ്ക്കാനും തേയ്ക്കാനും പഠിച്ചു..
ആദ്യമാദ്യം ആശാന്റെ കളികൾക്ക് ഭൃതഗണമായും കിരാതത്തിലെ ശിവനായും ഒക്കെ കൂടി.. മെല്ലെ കുട്ടി ഭീമനായും പ്രഹ്ലാദനായുമൊക്കെ കെട്ടിത്തുടങ്ങി...
ആശാന് കളിയുള്ള ദിവസങ്ങളിലെല്ലാം ഒരു വേഷം സദാനന്ദനുമുണ്ടാകും..

പലപ്പോഴും അണിയറയിലെ തരം താഴ്ത്തലുകളിൽ മനം മടുത്തിട്ടുണ്ട്..
ഒരിക്കൽ കൃഷ്ണവേഷം കെട്ടുമ്പോഴായിരുന്നു തൃക്കോവിലാശാന്റെ പരിഹാസം..

"കേമം... അധഃകൃത കൃഷ്ണൻ..കെങ്കേമം.. "

കിരീടം വെച്ച് മുറുക്കാൻ തുടങ്ങുമ്പോഴായിരുന്നു അത്...

കണ്ണ് നിറഞ്ഞത് കണ്ട് അണിയറയിലുണ്ടായിരുന്ന നിർമ്മല മെല്ലെ  അടുത്ത് വന്ന് പറഞ്ഞു...

"സാരല്യ..അതൊന്നും കണക്കാക്കണ്ട... ആശാൻ നല്ല വെള്ളാ... അതാ...
സാരല്യ പോട്ടെ... "

"ഞാനെന്ത് തെറ്റ് ചെയ്തിട്ടാ... ഒരു വേഷോം മോശാക്കാറില്ല... ആശാനൊരു ദുഷ്പേരുണ്ടാക്കാൻ ഇട വരുത്തീട്ടില്യ...
പിന്നെന്തിനാ എന്നോടിങ്ങനെ... ജാതീല് താഴ്ന്നത് എന്റെ തെറ്റാണോ...?
ഞാൻ വിചാരിച്ചിട്ടോ മോഹിച്ചിട്ടോ ആണോ താഴ്ന്ന ജാതീല് ജനിച്ചത്... "

"നോക്കൂ.. ജന്മം കൊണ്ടല്ല, കർമ്മം കൊണ്ടാണ് ഒരാൾ ഉയർന്നവനാകുന്നത്..
ആ നിലയ്ക്ക് അങ്ങ് അവരെക്കാളെല്ലാം മുകളിലാണ്... ഇതൊക്കെ വാശിയായെടുക്കൂ... അരങ്ങത്തെ പ്രവൃത്തിയിൽ തെളിയിച്ചാൽ മതി..."

നിർമ്മലയുടെ സാന്ത്വനങ്ങളായിരുന്നു ബലം

അന്നത്തെ കളി കഴിഞ്ഞപ്പോൾ കാണികൾ ഒരുമിച്ചെഴുന്നേറ്റ് കൈകൂപ്പി...

അത് കണ്ടപ്പോൾ മനവും മിഴിയും നിറഞ്ഞു.. മനസ്സാ തിരുമേനിയെയും ആശാനെയും നമസ്കരിച്ചു...

പിന്നൊരിക്കൽ...

അമ്പലത്തിൽ രണ്ട് കളിയുണ്ടായിരുന്ന അന്ന് .. ആദ്യത്തെ  കളിക്ക് ഒരുങ്ങുമ്പോഴാണ്..

കർണ്ണശപഥത്തിൽ കർണ്ണനായിരുന്നു വേഷം... ചുട്ടി കഴിഞ്ഞ് കണ്ണിൽ ചുണ്ടപ്പൂവിടാനായി തിരുമ്മി വെച്ച ചുണ്ടപ്പൂ കയ്യിലേക്കെടുക്കുമ്പോഴായിരുന്നു അത്...

അടുത്ത കളിക്ക് അർജുനൻ കെട്ടാൻ വന്ന തിക്കോടിയാശാൻ കയ്യിലെ ചുണ്ടപ്പൂ തട്ടിപ്പറിച്ചെടുത്തു..

"ഞാൻ ചുണ്ടപ്പൂ കൊണ്ടന്നിട്ടില്ല.. ഇതെനിക്കിരിക്കട്ടെ..
അല്ലെങ്കിലും ഇന്ന് ഒത്തല്ലോ വേഷം.. അധ:കൃതന്റെ വേഷം തന്നെ.. "

ആശാന്റെ ദ്വയാർത്ഥ പ്രയോഗം...

അധ: കൃതന് കണ്ണ് ചുമന്നില്ലെങ്കിലും തരക്കേടൊന്നൂല്ല..
ഇനി ചുമക്കണംന്ന് നിർബന്ധാച്ചാ ദാ ആ സഞ്ചീല് സാധനം ഇരിപ്പ് ണ്ട്.. ലേശം സേവിച്ചാ മതി...

അണിയറയിൽ കൂടിയവരൊക്കെ കൂട്ടച്ചിരി..

സേവയ്ക്ക് കൂടാത്തത് കൊണ്ട് വിരോധം ഉള്ളവരും ഉണ്ട് കൂട്ടത്തിൽ..

ദക്ഷിണ വെച്ച ദിവസം തിരുമേനിക്ക് കൊടുത്ത വാക്കാണ്..

കലാകാരന്റെ ദു:ശീലങ്ങളൊന്നും തൊട്ടു തീണ്ടില്ലാന്ന്..
ഇന്നോളം തെറ്റിച്ചിട്ടില്ലത്..

ഒരിക്കൽ തിരുമേനി വിളിച്ചു വരുത്തി..

"എല്ലാം ഞാനറിയുന്നുണ്ട് കുട്ടീ.. പക്ഷേ.. ഒന്നിലും തളരാതെ മുന്നോട്ട് പോകുന്നതറിയുമ്പോ അഭിമാനാ..
ഇപ്പോ പ്രധാന വേഷങ്ങളൊക്കെ കിട്ടിത്തുടങ്ങീലേ.. നന്നാവും.. ഉയരും ഇനീം ഇനീം..
ബ്രാഹ്മണനല്ലാത്തത് മാത്രല്ലേ തനിക്ക് കാണണ കുറ്റം..

കല ഈശ്വരനാ.. സാക്ഷാൽ ബ്രഹ്മം...അതിനെ ആത്മാർത്ഥായി സേവിക്കുന്നവനാ ബ്രാഹ്മണൻ..

അപ്പോ താനാ ബ്രാഹ്മണൻ..
ആരോടും വിരോധം വേണ്ട.. ഒക്കെ ഓരോ നിമിത്തങ്ങളാന്ന് കരുത്യാ മതി...
ഒക്കെ വാശിയായിട്ടെടുക്കാ..
ഉയരാനുള്ള വാശി... നന്മയ്ക്കായുള്ള വാശി..

ദാ.. ന്റെ കുട്ടി, നിർമ്മല..
അവൾക്ക് തന്നെ ഇഷ്ടാന്നറിയാം...
തനിക്ക് വിരോധണ്ടാവാൻ വഴീല്യ...
കൂട്ടാക്കിക്കോളൂ ജീവിതത്തിൽ..
കൂടെ നിൽക്കും അവള്.. തന്റെ ബലായിട്ട്.
ആർക്കാ പ്രയാസം ണ്ടാവാന്ന് നോക്കാലോ...

കൺമുന്നിൽ ദൈവത്തെ കണ്ട നിമിഷം.. അറിയാതെ കൈ കൂപ്പിപ്പോയി..

അന്ന് മുതൽ കൂട്ടിനുണ്ടവൾ ഇന്നോളം..

പിന്നീടങ്ങോട്ട് . എന്തെല്ലാമെന്തെല്ലാം...

കളിയിൽ ഉയർച്ചയുടെ പടവുകൾ...

വേഷങ്ങൾ ചെയ്യാത്ത രാജ്യങ്ങളില്ല...

സദാനന്ദനാശാനില്ലാതെ എന്ത് കഥകളി എന്ന് പറയുന്നത് പലവട്ടം കേട്ടിട്ടുണ്ട്......

പരിഹസിച്ചവർ പരിചയക്കാരനെന്ന് പരിചയപ്പെടുത്താൻ മത്സരിക്കുന്നത് കണ്ടു..

നോവിച്ചവരുമൊക്കെ കലാകാരന്റെ ശാപമായ ദു:ശീലത്താൽ തന്നെ ഒന്നുമല്ലാതായി മാറുന്നത് പലവട്ടം മുന്നിൽ കണ്ടു..

തകർക്കാൻ ശ്രമിച്ചവർ തകരുന്നതും കണ്ടു...
അവരിൽ പലരും പിന്നീട് വേഷങ്ങളില്ലാതെ ജീവിതം വഴിമുട്ടിപ്പോയതും കണ്ടു..

അന്നൊരിക്കൽ ചുണ്ടപ്പൂ തട്ടിപ്പറിച്ച തിക്കോടിയാശാൻ, ഭവ്യതയോടെ വളഞ്ഞ് നിന്ന് ഒരു ദിവസം ചോദിച്ചു..

"ആശാന് ഓർമ്മയുണ്ടോ ആവോ.. നമ്മൾ പണ്ട് ഒരുമിച്ച് അരങ്ങത്ത് ണ്ടായ്ണ്ട്...

ഒരു ചെറിയ വേഷം തര്വോ സദാനന്ദനാശാനേ.. ജീവിതൊക്കെ പ്രശ്നത്തിലാ.. ആരും കളിക്കൊന്നും വിളിക്കണില്യ.. ഇതല്ലാണ്ടെ വേറെ പ്രവൃത്തിയൊന്നും അറിഞ്ഞും കൂടാ.. പറ്റേം ഇല്യ..."

പുച്ഛമല്ല.. വേദനയാണപ്പോൾ തോന്നിയത്...

ആരോടും വിരോധം വെച്ചില്ല.. ആവുന്ന സഹായങ്ങൾ നൽകി.. പറ്റുന്ന വേഷങ്ങൾ നൽകി കൈത്താങ്ങാവാൻ ശ്രമിച്ചു..

പലരും പിന്നീട് തെറ്റും മാപ്പും ഏറ്റുപറഞ്ഞിട്ടുണ്ട്..
അവരെയും ചിരിച്ച് തന്നെ ചേർത്ത് പിടിച്ചു..

ഇന്ന്.. പത്മശ്രീയുടെ നിറവിൽ നിൽക്കുമ്പോ...
നന്ദിയർപ്പിക്കാനുള്ളത് തിരുമേനിയോടും ആശാനോടും, നിർമ്മലയോടും, .. എതിർപ്പുകൾ വക വെക്കാതെ വിശ്വസിച്ച് വേഷങ്ങളേൽപ്പിച്ചവരോടും,
ഉള്ളിലെ കലയെ അകമഴിഞ്ഞഭിനന്ദിച്ച് പ്രോത്സാഹിപ്പിച്ച ജാതിഭേദമില്ലാത്ത ഒരു കൂട്ടം നല്ല മനുഷ്യരോടും,
പിന്നെ.. മുന്നോട്ടുള്ള ഊർജ്ജം പകർന്നു തന്നു കൊണ്ടേയിരുന്ന തിക്തമായ ഓർമ്മകളോടും...

പുസ്തകത്താളിലെ മയിൽപ്പീലിത്തുണ്ട് പോലെ ഇടയ്ക്കിടെ മനസ്സ് തുറന്ന് ഓർമ്മിച്ചു നോക്കാറുണ്ടാ അനുഭവങ്ങൾ.. മുന്നോട്ടുള്ള പ്രയാണത്തിന് ഊർജ്ജത്തിനായി...

ഒരൊറ്റ വ്യത്യാസം മാത്രം..

പുസ്തകത്താളിലെ മയിൽപ്പീലിത്തുണ്ടുകൾ നൽകുന്നത് വല്ലാത്തൊരാനന്ദമാണ്..

അനുഭവങ്ങളാകുന്ന മയിൽപ്പീലിത്തുണ്ടുകളേകുന്നതോ ജീവിതത്തിൽ ജയിച്ച് മുന്നേറാനുള്ള വാശിയും..

വേണം അത്.. ഇനിയുമിനിയും..
ജയിച്ചുകൊണ്ടേയിരിക്കാൻ...

Dr.RAJANI K P